**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2019-20 – ചങ്ങനാശ്ശേരി നഗരസഭ - 2018-19 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിന്റെ ബാക്കി തുകയായി അനുവദിച്ചതും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ തുക പുനഃരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്എഫ്. സി-എ) വകുപ്പ്**

സ.ഉ.(സാധാ) നം.9617/2019/ധന      തീയതി, തിരുവനന്തപുരം, 06 ഡിസംബർ 2019

---

പരാമർശം. 1) നഗരകാര്യ ഡയറക്ടറുടെ 26/04/2019 ലെ ഡി.സി-3/8665/2019 നമ്പർ കത്ത്.
2) ട്രഷറി ഡയറക്ടറുടെ 24/10/2019-ലെ TRY/12403/2019-E2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2018-19 സാമ്പത്തിക വർഷം ചങ്ങനാശ്ശേരി നഗരസഭക്ക് അനുവദിച്ച പൊതു ആവശ്യ ഫണ്ടിന്റെ ബാക്കി തുകയുടെ ബിൽ 19/03/2019 ൽ ട്രഷറിയിൽ സമർപ്പിച്ചിരുന്നെങ്കിലും 31/03/2019 വരെയും WAMS ക്ലിയറൻസ് ഇല്ലാത്തതിനാൽ ബിൽ മാറി തുക ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ടി തുക നഗരസഭയ്ക്ക് നൽകുന്നതിനായി പുതിയ അലോട്ട്മെന്റ് അനുവദിച്ചുനല്കണമെന്നും **പരാമർശം (1) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് അഭ്യർത്ഥിച്ചിട്ടുണ്ട്.**

2) ചങ്ങനാശ്ശേരി നഗരസഭ ട്രഷറിയിൽ സമർപ്പിച്ചിരുന്ന പൊതു ആവശ്യ ഫണ്ടിൽ റവന്യൂ കളക്ഷൻ ഇൻസെന്റീവ് ബോണസ് കഴിച്ചിട്ടുള്ള ബാക്കി തുകയായ 10,37,985 രൂപയുടെ ബില്ല് 30/03/2019 നകം പാസ്സാക്കുവാൻ സാധിക്കാത്തതിനാൽ ടി ബില്ലുകൾ ട്രഷറി ക്യൂവിലേക്ക് മാറ്റിയതായും ടി ബില്ലുകൾ മാറുന്നതിനാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷം അനുവദിക്കാവുന്നതാണെന്നും **പരാമർശം (2) പ്രകാരം ട്രഷറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.**

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചങ്ങനാശ്ശേരി നഗരസഭക്ക് 2018-19 സാമ്പത്തിക വർഷം പൊതു ആവശ്യ ഫണ്ടിന്റെ ബാക്കിതുകയായി അനുവദിച്ചതും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ തുകയായ **10,37,985 രൂപ (പത്ത് ലക്ഷത്തി മുപ്പത്തി ഏഴായിരത്തി തൊള്ളായിരത്തി എൺപത്തി അഞ്ച് രൂപ മാത്രം)** 2019-20

സാമ്പത്തിക വർഷത്തെ പൊതു ആവശ്യ ഫണ്ടിലെ '3604-00-200-88-(02)-NP' എന്ന കണക്ക് ശീർഷകത്തിൽ നിന്നും അധിക ധനാനുമതിയായി ചങ്ങനാശ്ശേരി നഗരസഭക്ക് (M050300) അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ ഒ ബി**
**ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറി**

സ്വീകർത്താവ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, ചങ്ങനാശ്ശേരി നഗരസഭ
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ് (LSGD-FM-1/128/2019-LSGD)
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1301569)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ